(ബി) പ്രസ്തുത സംഘങ്ങളിൽ ജീവനക്കാരെ നിയമിച്ചതിന്റെയും പുതിയ മെമ്പർമാരെ ചേർത്തതിന്റെയും വിവരം ചുവടെ ചേർക്കുന്നു :

1. കോഴഞ്ചേരി താലൂക്കിൽ ഉൾപ്പെട്ട കുളനട സർവ്വീസ് സഹകരണ ബാങ്ക് (ക്ലിപ്തം) നമ്പർ 2133-ൽ ബഹുമാനപ്പെട്ട ഹൈക്കോടതി അംഗീകരിച്ച പുനരുദ്ധാരണ പദ്ധതിയുടെ അടിസ്ഥാനത്തിൽ പത്തനംതിട്ട ജില്ലാ സഹകരണ ബാങ്കിൽനിന്നും രണ്ട് ജീവനക്കാരെ കരാർ അടിസ്ഥാനത്തിൽ താൽക്കാലികമായി നിയമിച്ചിട്ടുള്ളതാണ്.

2. ഇടുക്കി ജില്ലയിലെ അരിക്കുഴ സർവ്വീസ് സഹകരണ ബാങ്കിൽ 113 അംഗങ്ങളെ ചേർക്കുകയും പൂർണ്ണ തസ്തികയിലേക്ക് ഒരു നിയമനം നടത്തുകയും, ഇടുക്കി ജില്ലാ മോട്ടോർ എംപ്ലോയീസ് സഹകരണ സംഘത്തിൽ ഒരു അംഗത്തിനെ ചേർക്കുകയും ചെയ്തിട്ടുണ്ട്.

3. തിരുവനന്തപുരത്ത് പ്രവർത്തിക്കുന്ന കോ-ഓപ്പറേറ്റീവ് ഇൻഷ്വറൻസ് സൊസൈറ്റിയിൽ 159 അംഗങ്ങളെ ചേർക്കുകയും, 16 ജീവനക്കാരെ നിയമിക്കുകയും ചെയ്തിട്ടുണ്ട്.

4. വടകര സഹകരണ റൂറൽ ബാങ്കിൽ കോൺട്രാക്ട് അടിസ്ഥാനത്തിൽ ഒരു ഡാറ്റാ എൻട്രി ഓപ്പറേറ്ററെ നിയമിച്ചിട്ടുണ്ട്. കൂടാതെ ടി ബാങ്കിൽ 3132 പേർക്ക് അംഗത്വം നൽകിയിട്ടുണ്ട്. ആയത് സംബന്ധിച്ച് ബഹുമാനപ്പെട്ട സുപ്രീം കോടതിയിൽ കേസ് നിലവിലുണ്ട്.

കൊച്ചി സഹകരണ മെഡിക്കൽ കോളേജ്

156 (523) ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) കൊച്ചിയിലെ സഹകരണ മെഡിക്കൽ കോളേജിന്റെ ഉപസ്ഥാപനത്തിലുണ്ടായിരുന്ന കോടികൾ വിലമതിക്കുന്ന കാത്ത് ലാബും ഡയാലിസിസ് യൂണിറ്റും ഒരു സ്വകാര്യ ആശുപത്രിക്ക് കൈമാറിയെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഈ വിഷയത്തിൽ കേപ് ഡയറക്ടർ മനുഷ്യാവകാശ കമ്മീഷന് നൽകിയ വിശദീകരണം വെളിപ്പെടുത്താമോ ;

(സി) സർക്കാർ ആശുപത്രികൾക്ക് ആവശ്യമുണ്ടായിരുന്നിട്ടും, ഇവ സ്വകാര്യ ആശുപത്രിക്ക് നൽകുവാൻ തീരുമാനം എടുത്തിട്ടുണ്ടായിരുന്നോ ; എങ്കിൽ കാരണം വെളിപ്പെടുത്താമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ ഈ വിഷയം സംബന്ധിച്ച് മനുഷ്യാവകാശ കമ്മീഷൻ മുമ്പാകെ ഒരു പരാതി ലഭിച്ചിരുന്നു. കാത്ത് ലാബും, ഡയാലിസിസ് യൂണിറ്റും സ്വകാര്യ ആശുപത്രിക്ക് കൈമാറിയിട്ടില്ല.

(ബി) ആലപ്പുഴ ജില്ലയിലെ 'സാഗര' സഹകരണ ആശുപത്രിയിലെ കാർഡിയോളജി വിഭാഗത്തിലെ സൗകര്യങ്ങൾ പരമാവധി പ്രയോജനപ്പെടുത്തി തദ്ദേശവാസികൾക്ക് മിതമായ നിരക്കിൽ ചികിത്സ ലഭ്യമാക്കുന്നതിനായി അമൃത ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ് ആന്റ് റിസർച്ച് സെന്ററിലെ വിദഗ്ധ ഡോക്ടർമാരുടെ സേവനം ഉപയോഗപ്പെടുത്തുന്നതിന് കേപ്പുമായി പ്രസ്തുത ആശുപത്രി ധാരണയുണ്ടാക്കിയിരുന്നു. എന്നാൽ ഇതുസംബന്ധിച്ച് മാധ്യമങ്ങളിൽ തെറ്റിദ്ധാരണാജനകമായ വാർത്തകൾ വന്ന സാഹചര്യത്തിൽ ടി ആശുപത്രി ഈ ധാരണയിൽനിന്നും പിന്മാറുകയുണ്ടായി. ഈ വിവരമാണ് കേപ്പ് ഡയറക്ടർ മനുഷ്യാവകാശ കമ്മീഷനെ അറിയിച്ചിട്ടുള്ളത്.

(സി) ഇല്ല.

ബ്രാഞ്ച് മാനേജർ തസ്തികയിലേക്കുള്ള നിയമനം

157 (524) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ജില്ലാ സഹകരണ ബാങ്കുകളിലെ ബ്രാഞ്ച് മാനേജർ തസ്തികയിലേക്കുള്ള നിയമനം പി.എസ്.സി.-ക്ക് വിട്ടതെപ്പോഴാണ് ;

(ബി) ഈ തസ്തികയിലേക്ക് ഇതുവരെ എത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്; വിശദാംശം നൽകുമോ ;

(സി) പ്രസ്തുത റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നതിനുള്ള തടസ്സമെന്താണ് ;

(ഡി) ഒഴിവുള്ള തസ്തികകളിൽ അടിയന്തരമായി നിയമനം നൽകുന്നതിനും പരമാവധി ഉദ്യോഗാർത്ഥികൾക്ക് ജോലി ലഭ്യമാക്കുന്നതിനും വേണ്ട നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്തെ ജില്ലാ സഹകരണ ബാങ്കുകളിലെ ബ്രാഞ്ച് മാനേജർ തസ്തിക ഉൾപ്പെടെ നേരിട്ട് നിയമനം നടത്തേണ്ട തസ്തികകളിലെ നിയമനം പി.എസ്.സി.-ക്ക് വിട്ടത് 25-4-1995-ലാണ്.

LIBRARY ARCHIVES Kerala Legislative Assembly